പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2391. | 08.07.2015 ന് മറുപടിയ്ക്ക്.

*മാടായി ഐ.ടി.ഐ. യിലെ കോഴ്സുകൾ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ യിൽ ഇപ്പോൾ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണ് ; പ്രസ്തുത കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കാത്തതിനാൽ കൂടുതൽ ജോലി സാദ്ധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ; | (എ) മാടായി ഗവ. ഐ.ടി.ഐ.യിൽ നിലവിൽ ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ എന്നീ ട്രേഡുകളാണുള്ളത്. അടുത്ത വിദ്യാഭ്യാസവർഷം മുതൽ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിന് പകരമായി വെൽഡർ അല്ലെങ്കിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മാടായി ഐ.ടി.ഐ കെട്ടിടം ഉദ്ഘാടനസമയത്ത് തൊഴിൽ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച, രണ്ട് വർഷം ദൈർഘ്യമുള്ളതും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉള്ളതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതുതായി ഏതെല്ലാം ട്രേഡുകൾ ആരംഭിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്; വിശദാംശം നൽകുമോ ? | (ബി) മാടായി ഐ.ടി.ഐ. കെട്ടിടം ഉദ്ഘാടന സമയത്ത് ബഹു.തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി പ്രഖ്യാപിച്ച 2 വർഷം ദൈർഘ്യമുള്ളതും കൂടുതൽ തൊഴിലവസരങ്ങളുള്ളതുമായ ട്രേഡുകളായ റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, വെൽഡർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി ആവശ്യമായ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുവാൻ മാടായി ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വെയർ, ഡീസൽ മെക്കാനിക്, പ്ലംബർ എന്നീ ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരി |

യ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എരിപുരം പൊതുസംരക്ഷണ സമിതി സെക്രട്ടറി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി ആവശ്യമായ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുവാൻ മാടായി ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് വിലയിരുത്തി ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ